# മലങ്കരശ്ലൈഹീകസിംഹാസനത്തിന്റെമെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 347

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയുംവികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക്വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച നാം സഭയായി ക്രിസ്തീയ കുടുംബ ദിനം ആചരിക്കുകയാണ്. കുടുംബം ദൈവത്തിന്റെ അനുഗ്രഹവും മഹത്തായ ദാനവുമത്രെ. ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്നതിന്റെ ആദ്യ പടിയാണ് ക്രിസ്തീയ കുടുംബം. കുടുംബം കുടുംബമായി നമുക്ക് ലഭിച്ചിരിക്കുന്ന കൃപകളെ ഓർത്തു സ്തോത്രം ചെയ്യുവാനും, നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുവാനുമായി ഈ ദിവസം ഉപയോഗിക്കാം.

ജീവിതമൂല്യങ്ങൾ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പരസ്പര വിശ്വാസം, കരുതൽ, ജീവിത വിശുദ്ധി എന്നിവ അന്യമായിക്കൊണ്ടിരിക്കുന്നു. കുടുംബപ്രാർത്ഥന, തിരുവചനപഠനം എന്നിവയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും ശിഥിലമായിക്കൊണ്ടിരിക്കുന്നു. ബന്ധങ്ങളിൽ തകർന്നുകൊണ്ടിരിക്കുന്ന കുടുംബങ്ങളെ രക്ഷിക്കുവാനുള്ള ബാദ്ധ്യത നമുക്കുണ്ട്. ഈ ദർശനത്തെ മുൻനിർത്തിക്കൊണ്ട് ഇപ്പോൾ എല്ലാ ഭദ്രാസനത്തെയും അതിൽ ഉൾക്കൊള്ളുന്ന എല്ലാ കുടുംബങ്ങളേയും ശാക്തീകരിക്കുവാൻ സഭയായി ഒരു കുടുംബശാക്തീകരണ ശുശ്രൂഷ തുടങ്ങിയിട്ടുണ്ട്. ആയതിന്റെ ഭാഗമായിട്ടാണ് കുടുംബദിനത്തോട് അനുബന്ധിച്ച് ഒരു കുടുംബദിന ആരാധന ഇടവകയിൽ ഉപയോഗിക്കത്തക്കവിധം പ്രസിദ്ധീകരിക്കുന്നത്. കുടുംബ ശാക്തീകരണത്തിന്റെ ശുശ്രൂഷയുടെ ഭാഗമായി ഫാമിലി കൗൺസിലിംഗ്, പ്രിമാരിററൽ കൗൺസിലിംഗ് എന്നിവ ഇടവക ജനങ്ങൾക്ക് ലഭ്യമാകുന്നതിന് കഴിവതും ശ്രമിക്കണം. യേശുക്രിസ്തുവിലൂടെയുള്ള രക്ഷയുടെ യാഥാർത്ഥ്യത അനുരഞ്ജനമാണ്, ഒത്തുതീർപ്പല്ല. ആയത് നമ്മുടെ വ്യക്തിബന്ധങ്ങളിലും കുടുംബ ബന്ധങ്ങളിലും യഥാർത്ഥ്യമാകണം. അഭിപ്രായ വ്യത്യാസങ്ങൾ, തർക്കങ്ങൾ, കേസുകൾ ഇവ തീർപ്പാക്കുന്നതിനും സ്നേഹവും സൗഹാർദ്ദവും വർദ്ധിപ്പിക്കുന്നതിലും സഭാജനങ്ങൾ ബോധവാന്മാരാകണം.

ക്രിസ്തീയ കുടുംബദിനം കുടുംബങ്ങളുടെ പുനഃപ്രതിഷ്ഠയ്ക്കും സമർപ്പണത്തിനും ഉള്ള അവസരമാകണം. കുടുംബപ്രാർത്ഥന അർത്ഥവത്തും അനുഗ്രഹകരവുമാക്കിത്തീർക്കുന്നത് പതിവാക്കണം. അഴിമതി, ആഡംബരം, മദ്യപാനം മുതലായ ദോഷങ്ങൾ വിട്ടൊഴിയുമെന്ന് ഓരോ കുടുംബവും പ്രതിജ്ഞയെടുക്കണം. ആവശ്യത്തിലിരിക്കുന്നവർ, ഏകാന്തത അനുഭവിക്കുന്നവർ മുതലായവർക്ക് സഹായവും സ്നേഹവും നല്കുന്നതിന് ഇടവകയായി പ്രത്യേകം പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണം. ഒക്ടോബർ 27–ാം തീയതി ഞായറാഴ്ച ആരാധനാമദ്ധ്യേ, കുടുംബമായി ചേർന്നു വന്ന് കർത്തൃമേശയിൽ പങ്കെടുക്കണം. “ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും” എന്ന് യോശുവ ഒരു നിർണ്ണായക കാലഘട്ടത്തിൽ പറഞ്ഞതുപോലെ ഇന്നത്തെ സാഹചര്യത്തിൽ, സാഹചര്യങ്ങളെ ഭയക്കാതെ പറയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഈ ചിന്തകളോടുകൂടെ, ഈ സംവത്സരത്തിലെ ധ്യാനചിന്തകളിലൂടെ കടന്ന് ഉദയത്തിന്റെ പെരുന്നാളിനായി കാത്തിരിക്കാം, ഒരുങ്ങാം. “ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആ ആർദ്രകരുണയാൽ ഉയരത്തിൽ നിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു.” (ലൂക്കൊസ് 1:78-79)

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2019 സെപ്റ്റംബർ മാസം 23–ാം തീയതി,

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## കുടുംബഞായർ
## ആരാധനാക്രമം
**2019 ഒക്ടോബർ 27**

(അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാരത്തോടുകൂടിയത്)

സർവഭൂമിയുമായുള്ളോവേ ദൈവത്തിനു ഘോഷിപ്പീൻ; അവന്റെ നാമത്തിനു മഹത്ത്വം കീർത്തിപ്പിൻ; അവന്റെ സ്തുതി മഹത്ത്വീകരിപ്പിൻ. (സങ്കീർത്തനം.147.1)

**പാട്ട്**
**കൗമ്മാ**

### പ്രാരംഭപ്രാർത്ഥന

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭ ഒന്നാകെ കുടുംബ ഞായറായി വന്നു ചേരുവാൻ ലഭിച്ച അവസരത്തിനായി സ്തോത്രം. ആകാശവും ഭൂമിയും അതിലെ സകല ചരാചരങ്ങളെയും സൃഷ്ടിച്ച പിതാവാം ദൈവമെ, മനുഷ്യനെ നിന്റെ സ്വരൂപത്തിൽ ആണും പെണ്ണുമായി സൃഷ്ടിച്ച് എത്രയും നല്ലത് എന്നു കണ്ട നിന്റെ സൃഷ്ടി മാഹാത്മ്യത്തെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു.

ഒരു ശിശുവായി ഭവനത്തിലെ പരിമിതികളിലേക്ക് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് മാതാപിതാക്കൾക്ക് കീഴടങ്ങിയും, അവരോടുള്ള ചുമതലാബോധത്തിലും ജീവിച്ച് ഞങ്ങൾക്കു മാതൃക കാട്ടിയ പുത്രനാം ദൈവമെ നിനക്കു സ്തുതി നിനക്കു സ്തോത്രം.

ഓരോ കുടുംബത്തിനും വഴികാട്ടിയായി മുമ്പേ നടക്കുന്ന പരിശുദ്ധാത്മാവാം ദൈവമെ നിന്റെ സജീവസാന്നിദ്ധ്യത്തിൽ ഞങ്ങളുടെ കുടുംബങ്ങളെ അനുദിനം നവീകരിക്കുന്നതിനായി ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രീയേക ദൈവത്തിന് കുടുംബങ്ങളുടെ കുടുംബമായ ഇടവക അർപ്പിക്കുന്ന ഈ ആരാധനയെ സ്വീകരിക്കേണമേ.

### അനുതാപ പ്രാർത്ഥന

'ഞാൻ എന്റെ പാപം നിന്നോടറിയിച്ചു, എന്റെ അകൃത്യം മറച്ചതുമില്ല.എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റു പറയും എന്നു ഞാൻ പറഞ്ഞു അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു' (സങ്കീ.32.5) തുടർന്നുള്ള പ്രാർത്ഥനകൾക്ക് **കൃപതോന്നി ഞങ്ങളോടു ക്ഷമിക്കണമേ** എന്ന് പ്രതിവാക്യമായി പ്രാർത്ഥിക്കാം.

**പട്ടക്കാരൻ:** നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം എന്നും, ഈ വചനങ്ങൾ ഞങ്ങളുടെ ഹൃദയത്തിൽ സൂക്ഷിച്ച് അവയെ ഞങ്ങളുടെ മക്കൾക്ക് ഉപദേശിക്കണമെന്നുമുള്ള കൽപ്പന മറന്ന് കുടുംബ പ്രാർത്ഥനയിലും, പള്ളി ആരാധനയിലും മക്കളോടൊപ്പം പങ്കെടുക്കാതെപോയ കുറവിനെ ദൈവമെ...
**കൃപതോന്നി ഞങ്ങളോടു ക്ഷമിക്കണമേ.**

**പട്ടക്കാരൻ:** ആറു ദിവസം വേലചെയ്യുവാനും ഏഴാം ദിവസം ദൈവത്തെ ആരാധിപ്പാനും വേർതിരിക്കണം എന്ന കല്പ്പന അവഗണിച്ച് ജോലിയിൽ ആസക്തരായ ഞങ്ങളുടെ കുറവിനെ ദൈവമെ..
**കൃപതോന്നി ഞങ്ങളോടു ക്ഷമിക്കണമേ.**

**പട്ടക്കാരൻ:**ദൈവത്തിന്റെ കരുണയാൽ വലുതും മനോഹരമായ വീട്ടിലും, സമൃദ്ധമായ ദേശത്തും ഞങ്ങൾ ജീവിക്കുമ്പോൾ ദൈവത്തെ മറന്ന് ഞങ്ങളുടെ ശക്തിയും ഞങ്ങളുടെ കൈയ്യുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്ന ഞങ്ങളുടെ അഹന്തയെ ദൈവമെ...
**കൃപതോന്നി ഞങ്ങളോടു ക്ഷമിക്കണമേ.**

**പട്ടക്കാരൻ:**ക്രിസ്തീയ കുടുംബജീവിതം വലിയ ചുമതലയും വലിയ പദവിയുമാണെന്നും പരസ്പര ധാരണയുണ്ടാക്കാൻ ശ്രമിക്കുകയും വേണം എന്ന പ്രബോധനം മറന്ന് നിസ്സാര കാര്യങ്ങൾക്ക് കലഹിക്കുകയും പിരിഞ്ഞുപോകുകയും ചെയ്ത കുറവിനെ ദൈവമെ...
**കൃപതോന്നി ഞങ്ങളോടു ക്ഷമിക്കണമേ.**

**പട്ടക്കാരൻ:** മാതാപിതാക്കളെ അനുസരിക്കുന്നതും, കരുതുന്നതും, ന്യായവും ക്രൈസ്തവ ധർമ്മവും എന്നറിഞ്ഞിട്ടും മാതാപിതാക്കളോടുള്ള ചുമതലകൾ നിർവ്വഹിക്കാതെപോയ ഞങ്ങളുടെ കുറവിനെ ദൈവമെ...
**കൃപതോന്നി ഞങ്ങളോടു ക്ഷമിക്കണമേ.**

കൂട്ടായ്മയും, കുടുംബപ്രാർത്ഥനയും, ഭക്ഷണ മേശയിലെ സന്തോഷവും അവഗണിച്ച് സാമുഹ്യമാധ്യമങ്ങളിൽ അഭിരമിച്ച് കുടുംബ ബന്ധങ്ങളുടെ ഊഷ്മളത നഷ്ടപ്പെടുത്തിയ ഞങ്ങളുടെ കുറവിനെ ദൈവമെ...
**കൃപതോന്നി ഞങ്ങളോടു ക്ഷമിക്കണമേ.**

## സ്തോത്രപ്രാർത്ഥന.

യഹോവയുടെ കൃപകളെകുറിച്ച് ഞാൻ എന്നേക്കും പാടും തലമുറതലമുറയോളം എന്റെ വായ്കൊണ്ട് നിന്റെ വിശ്വസ്തതയെ അറിയിക്കും' (സങ്കീർത്തനം 89.1) തുടർന്നുള്ള പ്രാർത്ഥനകൾക്ക് **ഞങ്ങൾ നിനക്കു സ്തോത്രം** ചെയ്യുന്നു എന്നു പ്രതിവാക്യമായി പ്രാർത്ഥിക്കാം

**പട്ടക്കാരൻ:** മലങ്കര മാർത്തോമ്മാ സുറിയാനി സഭയെ ഒന്നാകെ ഒരു കുടുംബമെന്ന ദർശനത്തിൽ നയിക്കുന്ന ഞങ്ങളുടെ പിതാവായ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിക്കായും, അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായിക്കായും, അഭിവന്ദ്യരായ മറ്റ് തിരുമേനിമാർക്കായും, പട്ടക്കാർക്കായും അവരുടെ ശുശ്രൂഷകൾക്കായും ദൈവമെ....
**ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

**പട്ടക്കാരൻ:** മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു കണ്ട് തക്കതായൊരു തുണയെ സൃഷ്ടിച്ചു നൽകിയ ദൈവമെ, വ്യത്യസ്തരായിരിക്കെ ഭാര്യാഭർത്താക്കന്മാരായി വിശുദ്ധ വിവാഹ കൂദാശയിലൂടെ ഞങ്ങളെ ഒന്നാക്കി തീർത്ത നിന്റെ സ്നേഹത്തിനായി ദൈവമെ....
**ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

**പട്ടക്കാരൻ:**മക്കൾ, യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ. ഭവനത്തിന്റ തുടർച്ചയ്ക്കും, ക്രിസ്തീയ സാക്ഷ്യത്തിന്റെ പിൻതുടർച്ചയ്ക്കുമായി തലമുറകളെ നൽകി ഞങ്ങളെ അനുഗ്രഹിച്ച നിന്റെ കരുതലിനായി ദൈവമെ....
**ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

**പട്ടക്കാരൻ:**പരിമിതികൾക്കുള്ളിൽനിന്ന് ഞങ്ങളെ വളർത്തിയ മാതാപിതാക്കൾക്കായും അവരിലൂടെ ഞങ്ങൾക്കു ലഭിച്ച ക്രിസ്തീയമൂല്യങ്ങൾക്കുമായി ദൈവമെ...
**ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

**പട്ടക്കാരൻ:**ഞങ്ങളുടെ ചെറു കുടുംബങ്ങൾക്ക് അപ്പുറം മറ്റ് കുടുംബങ്ങളുമായി ക്രിസ്തുവിലുള്ള കൂട്ടായ്മയിൽ ഒന്നിച്ചു വന്ന് കുടുംബങ്ങളുടെ നാഥനായ ത്രീയേക ദൈവത്തെ ആരാധിപ്പാൻ ഞങ്ങൾക്കു നൽകപ്പെട്ട ഇടവകയ്ക്കായി ദൈവമെ...
**ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

## മദ്ധ്യസ്ഥപ്രാർത്ഥന

യഹോവേ എന്റെ പ്രാർത്ഥനകേട്ട് എന്റെ യാചനകൾക്കു ചെവിതരേണമേ, നിന്റെ വിശ്വസ്തതയാലും നീതിയാലും എനിക്ക് ഉത്തരം അരുളേണമേ. (സങ്കീർത്തനം 143.1)തുടർന്നുള്ള പ്രാർത്ഥനകൾക്ക്
**ദൈവമെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു** എന്ന് പ്രതിവാക്യമായി പ്രാർത്ഥിക്കാം.

പ്രകൃതിക്ഷോഭത്താൽ പ്രിയപ്പെട്ടവർ നഷ്ടപ്പെട്ടവർ, വീട് നഷ്ടപ്പെട്ടവർ, ഗ്രാമം നഷ്ടപ്പെട്ടവർ, ഇവരുടെ പുനരധിവാസത്തിനായി, സർക്കാരും, സഭയും ഇതര സംഘടനകളും ചെയ്യുന്ന എല്ലാ ഉദ്യമങ്ങൾക്കായും...
**ദൈവമെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു...**

സകല കുടുംബത്തിന്റെയും അടിസ്ഥാനമായ ദൈവമെ, മനുഷ്യ സമൂഹം മുഴുവനും ഒരു കുടുംബമാണെന്ന തിരിച്ചറിവിൽ, ജാതി, മത,വർഗ്ഗ, വേർതിരുവുകൾ ഇല്ലാതെ ക്രിസ്തുവിൽ നല്ല അയൽക്കാരായിത്തീരുന്ന വിശാലമായ കുടുംബ ദർശനം ഞങ്ങൾക്ക് നൽകണമെന്ന്....
**ദൈവമെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു...**

പലവിധകാരണങ്ങളാൽ പിരിഞ്ഞുപോയ ദമ്പതിമാർക്കായും അതുനിമിത്തം നിരാശിതരായ കുഞ്ഞുങ്ങൾക്കായും...
**ദൈവമെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു...**

ലഹരി ഉപയോഗത്താൽ ക്രിസ്തീയ കുടുംബദർശനം നഷ്ടപ്പെടുത്തിയവർക്കായും, അതു നിമിത്തം തകർന്ന കുടുബങ്ങളുടെ വിടുതലിനായും...
**ദൈവമെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു...**

ജോലിക്കും പഠനത്തിനുമായി ഭവനങ്ങളിൽ നിന്നും ദൂരെ പാർക്കുന്നവർക്കായും അവരുടെ ക്രിസ്തീയപരിപോഷണത്തിനായും...
**ദൈവമെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു...**

മാതാപിതാക്കൾ ഇല്ലാതെ മന്ദിരങ്ങളിൽ കഴിയുന്ന കുഞ്ഞുങ്ങൾക്കായും, മക്കൾ ഇല്ലാതെ അഗതികളായ വൃദ്ധ മാതാപിതാക്കൾക്കായും, അവർക്ക് ഭവനത്തിന്റെ കരുതൽ നൽകുന്ന എല്ലാ സ്ഥാപനങ്ങൾക്കായും ശുശ്രൂഷകർക്കായും...
**ദൈവമെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു...**

കുടുംബ ശാക്തീകരണത്തിനായി സഭയായി ചെയ്യുന്ന എല്ലാ ശുശ്രൂഷകൾക്കായും, ഫാമിലി കൗൺസിലർമാർക്കായും......
**ദൈവമെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു...**

## സമർപ്പണപ്രാർത്ഥന

**(പട്ടക്കാരന്റെ പിന്നാലെ അവിവാഹിതരും കുട്ടികളും ഒഴികെയുള്ളവർ ഏറ്റു പറയാം)**

ഞങ്ങളെ ഭാര്യാഭർത്താക്കൻമാരായി ഒരുമിപ്പിച്ചു ചേർത്ത ത്രീയേക ദൈവത്തിന്റെ മുമ്പാകെയും, ആ വിശുദ്ധ വിവാഹ കൂദാശയ്ക്കു സാക്ഷ്യം വഹിച്ച തിരുസഭയുടെ മുമ്പാകെയും, വിശുദ്ധ മദ്ബഹായുടെ മുമ്പാകെയും ഞങ്ങൾ ഇപ്പോൾ കുടുംബമായി വരുന്നു. ക്രിസ്തീയ കുടുംബജീവിതത്തിന്റെ ചുമതലയും, പദവിയും തിരിച്ചറിഞ്ഞ്, ഭാര്യാ- ഭർത്താക്കന്മാർ എന്ന നിലയിൽ, പരസ്പരം ക്ഷമിക്കുന്നതിനും, പരസ്പര ധാരണയുണ്ടാക്കുന്നതിനും, ഞങ്ങളെ തന്നെ സമർപ്പിക്കുന്നു. തിരുവചന ധ്യാനത്തിലും, കുടുംബപ്രാർത്ഥനയിലും, ജാഗ്രതയുള്ളവരായിരിക്കുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങളുടെ മക്കളെ കടുംബപ്രാർത്ഥനയിലും, പള്ളി ആരാധനയിലും, സൺണ്ടേസ്കൂളിലും പങ്കെടുപ്പിക്കുന്നതിൽ ഞങ്ങൾ ഉത്സുകരായിരിക്കും. ദൈവത്തിന്റെ ദാനമായ പണം, സമയം, കഴിവ്, ഇവയുടെ ഉത്തമ ഗൃഹവിചാരകരായി, ദൈവീകശുശ്രൂഷയിൽ പങ്കാളികളാകുവാൻ, ഞങ്ങളെ തന്നെ കുടുംബമായി സമർപ്പിക്കുന്നു. ദൈവ വചനത്തിൽ അടിസ്ഥാനമിട്ട ഭവനങ്ങളായി, പ്രതികൂലങ്ങളിൽ തകരാതെ, ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും എന്ന സാക്ഷ്യത്തിൽ നിലനിൽപ്പാൻ, പിതാവും,പുത്രനും, പരിശുദ്ധറൂഹായുമായ ത്രീയേക ദൈവത്തിന്റെ മുമ്പാകെ ഞങ്ങളെ തന്നെ സമർപ്പിക്കുന്നു.
ആമേൻ.

## എല്ലാവരും ചേർന്ന് താഴെയുള്ള ഗീതം പാടാം

1.ഇത്രത്തോളമെന്നെ കൊണ്ടു വന്നീടുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ
ഇത്ര നന്മകൾ ഞങ്ങളനുഭവിപ്പാൻ
എന്തുള്ളൂ യോഗ്യത നിൻ മുമ്പിൽ

2. ഇത്രത്തോളമെന്നെ ധന്യമായി തീർക്കുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ
ഇത്രത്തോളമെന്നെ കാത്തു സൂക്ഷിക്കുവാൻ
എന്തുള്ളൂ യോഗ്യത നിൻ മുമ്പിൽ